Sri. T. K. Narayana Pillai : I accept that amendment.

The question whether the amendment may be accepted was put and carried.

The amendment was adopted.

The question that Clause 10, as amended, stands part of the Bill was put and carried.

Clause 10 as amended was added to the Bill.

Title.

The question that the Title stands part of the Bill was put and carried.

The Title was added to the Bill.

Preamble.

The question that the preamble stands part of the Bill was put and carried.

The Preamble was added to the Bill.

Sri. T. K. Narayana Pillai : Sir, I submit that the Third Reading of the Bill may be had tomorrow as there are some formal amendments to be made.

The Travancore-Cochin Revenue Enquiries and Summons Bill

Minister for Finance and Revenue **[Sri. A. J. John]:** Sir, I beg to submit the report of the Select Committee on the Travancore-Cochin Revenue Enquiries and Summons Bill and move that the Bill as revised by the Select Committee may be taken up for consideration.

Chief Minister **[Sri. T. K. Narayana Pillai] :** I second it.

ശ്രീ. എ. ജെ. ജോൺ: സെലക്ട് കമ്മിറ്റിയിൽനിന്നും ഈ ബില്ലിൽ പറയത്തക്കതായ യാതൊരു ഭേദഗതിയും വരുത്തിയിട്ടില്ല. പുതുതായി ഒരു ചെറിയ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടുതലായി ഇതിനെപ്പറ്റി എനിക്കൊന്നും പറയുവാനില്ല.

The Bill was taken into cousideration

Clause 2.

Sri. A. K. Patchu Pillai: Sir, I move:

"Delete the proviso to Clause 2."

ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് എനിക്കു ചില പ്രധാന സംഗതികൾ ചൂണ്ടിക്കാണിക്കുവാനുണ്ട്. ഈ ഭേദഗതിക്ക് അനുബന്ധമായിത്തന്നെ ഞാൻ 8-ാമത്തെ ക്ലാസിനു മറ്റൊരു പ്രധാന ഭേദഗതി ഹാജരാക്കിയിട്ടുണ്ട്. ഈ ക്ലാസിന്റെ പ്രൊവൈസോ എടുത്തുകളയണം എന്നാണ് എന്റെ ഭേദഗതി. ഇതിന്റെ പ്രൊവൈസോ ഇങ്ങനെയാണ്:

"Provided that a Collector or a Deputy Collector or a Tahsildar or a Deputy Tahsildar shall not have such power except in regard to persons who ordinarly reside within the local area of his jurisdiction."

ഇതനുസരിച്ച് തിരുവനന്തപുരം താലൂക്കിന്റെ അതൃത്തിയിൽ താമസിക്കുന്ന ഒരാളിനു നെയ്യാറ്റിൻകര താലൂക്കിൽ ഒരു വസ്തു ഉണ്ടെന്നു വിചാരിക്കുക. ആ വസ്തുവിനോടു തൊട്ടുകിടക്കുന്നതായ ഏതെങ്കിലും പുറമ്പോക്കു സ്ഥലത്തേയോ പുരാവൽസ്ഥലത്തേയോ സംബന്ധിച്ച് ഒരു കേസ് ഉണ്ടായിച്ച് അതിന്റെ വിചാരണ നടന്നുകൊണ്ടിരിക്കയാണെങ്കിൽ നെയ്യാറ്റിൻകര തഹ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Patchu Pillai]

ശീൽദാക്ക് തിരുവനന്തപുരത്തു താമസക്കാരനായ വസ്തു ഉടമസ്ഥനോട് അതിനെ സംബന്ധിച്ചുള്ള പ്രമാണങ്ങൾ ഹാജരാക്കുവാനോ അല്ലെങ്കിൽ ആ കക്ഷിയെത്തന്നെ നേരിട്ടു വിളിച്ചുവരുത്തി മൊഴി രേഖപ്പെടുത്തുന്നതിനോ സാധ്യമല്ലാത്ത ഒരു നിലയിലാണിരിക്കുന്നതു്. ഏതെങ്കിലും റവന്യൂ ഉദ്യോഗസ്ഥന്റെ മുമ്പാകെയുള്ള ഒരു കേസ് വിചാരണചെയ്തു് നീതിപൂർവ്വകമായ ഒരു തീരുമാനമുണ്ടാക്കുന്നതിനു് ആവശ്യമായ തെളിവുകൾ ശേഖരിക്കുന്ന വിഷയത്തിൽ ആ ഉദ്യോഗസ്ഥനു് ആവശ്യമുള്ള അധികാരങ്ങൾ കൊടുക്കുന്നതിനുവേണ്ടിമാത്രമാണല്ലൊ ഈ നിയമംതന്നെ ഉണ്ടാക്കിയിരിക്കുന്നതു്. ആസ്ഥിതിക്കു് ആവശ്യമുള്ള തെളിവുകൾ എടുക്കുന്നതിനു് തടസ്സമുണ്ടാക്കത്തക്കവിധത്തിൽ ഇങ്ങനെയൊരു പ്രൊവൈസോ നാം സ്വീകരിക്കുന്നതു ശരിയല്ല.

ഒരു റവന്യൂ കേസിന്റെ വിജയപൂർവ്വമായ തീരുമാനത്തിനു് അത്യാവശ്യമായിരിക്കുന്ന എല്ലാ തെളിവുകളും വിചാരണ നടത്തുന്ന തഹശീൽദാരുടേയോ അല്ലെങ്കിൽ മറ്റേതെങ്കിലും റവന്യൂ ഉദ്യോഗസ്ഥന്റേയൊ മുമ്പിൽ കൊണ്ടുവരുന്നതിനു് ആവശ്യമായ വ്യവസ്ഥകളാണു് നാം സ്വീകരിക്കേണ്ടതു് എന്നാണ് എനിക്കു് ഈ അവസരത്തിൽ വിനീതമായി ചൂണ്ടിക്കാണിക്കുവാനുള്ളതു്. ഈ പ്രൊവൈസൊ ഇങ്ങനെ ഇരിക്കുന്നപക്ഷം ഒരു വസ്തുവിന്റെ ഉടമസ്ഥൻ തൊട്ടടുത്ത മറ്റൊരു താലൂക്കിൽ, അല്ലെങ്കിൽ വസ്തു സ്ഥിതിചെയ്യുന്ന താലൂക്കിനു് പുറത്തു താമസക്കാരനാണു് എന്നുള്ള ഒരേഒരു കാരണത്തൽ പ്രമാണങ്ങൾ ഹാജരാക്കുന്നതിനു് ആവശ്യപ്പെടാനൊ മറ്റു തെളിവുകൾ കൊടുക്കുന്നതിനു് നിർബന്ധിക്കാനോ കേസ് വിചാരണചെയ്യുന്ന റവന്യൂ ഉദ്യോഗസ്ഥനു് അധികാരമില്ലെന്നാണു് വരുന്നതു്. ഇതു പല കുഴപ്പങ്ങൾക്കും കാരണമാകും. ഈ സംഗതിയുടെ ഞാനിപ്പോൾ പറഞ്ഞതായ ഭാവംകൂടെ ഒന്നു മനസ്സിൽ വെച്ചുകൊണ്ടു് ബഹു: മന്ത്രി അതിനെപ്പറ്റി ഒന്നു ചിന്തിച്ചിട്ടു് ഈ പ്രൊവൈസൊ എടുത്തുകളയണമെന്നുള്ള എന്റെ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. റവന്യൂ ഉദ്യോഗസ്ഥന്മാരുടെ നടപടികൾ സുഗമമായി മുമ്പോട്ടു കൊണ്ടുപോകുന്നതിനു് എന്റെ ഭേദഗതി വളരെ അത്യാവശ്യമാണു്. . ഈ ഭേദഗതി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എ. ജെ. ജോൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇതിൽ വെച്ചിരിക്കുന്ന വ്യവസ്ഥ ഇപ്പോൾ തിരുവിതാംകൂറിലും കൊച്ചിയിലും നിലവിലിരിക്കുന്ന ആക്ടുകളിലെ വ്യവസ്ഥതന്നെയാണു്. . സെക്ഷൻ 4-ൽ തന്നെ പറഞ്ഞിട്ടുണ്ടു് റവന്യൂ ബോർഡിനു് തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള ആരേയും വിളിച്ചുവരുത്തുന്നതിനു് അധികാരമുണ്ടെന്നു്. പ്രൊവൈസോയിൽ പറയുന്നതു് കലക്ടർക്കോ ഡപ്യൂട്ടി കലക്ടർക്കോ തഹശീൽദാർക്കോ ഡപ്യൂട്ടി തഹശീൽദാർക്കോ അവരവരുടെ അധികാരാതിർത്തിക്കുള്ളിൽ ഉള്ളവരെ മാത്രമേ വിളിച്ചുവരുത്തേണ്ട ആവശ്യം ഉണ്ടാവുകയുള്ളു. അതായതു് ഉദ്യോഗസ്ഥന്റെ അധികാരപരിധിയിൽ കിടക്കുന്ന സ്ഥലത്തെ റവന്യൂ ഇടപാടുകൾക്കുള്ള ആവശ്യം മാത്രമേ ആ ഉദ്യോഗസ്ഥന്മാർക്കുള്ളു. അതുകൊണ്ടു് ഭേദഗതി ആവശ്യമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: റവന്യൂ ബോർഡിനു് പോകുന്നതിനു മുമ്പുതന്നെ റിജനൽ ജൂറിസ്ഡിക്ഷനുള്ള താസിൽദാർക്കോ കളക്ടർക്കോ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ഈ അധികാരംകൂടി നൽകുന്നപക്ഷം കേസിൽ വേണ്ട തെളിവുകൾ എടുത്തു തീരുമാനിക്കുന്നതിനുള്ള സൗകര്യത ഉണ്ടാകുമല്ലോ.

ശ്രീ. എ. ജെ. ജോൺ: ഫസ്റ്റ്-ക്ലാസ്സ് മജിസ്ട്രേട്ടുമാരുടെ മുമ്പിലേ ഈ നിയമം ഇപ്പോൾ നടപ്പിലുണ്ടു്. ഇതുവരെ ഇങ്ങനെ ഒരധികാരം വേണമെന്നു് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ ഉദ്യോഗസ്ഥനും ആവശ്യപ്പെട്ടിട്ടില്ല. അങ്ങിനെ ഒരധികാരം ഉണ്ടായിരിക്കണമെന്നു് മറ്റാരും നിവേദനംചെയ്തിട്ടുമില്ല. അതുകൊണ്ടു് ഭേദഗതി ആവശ്യമില്ല.

The amendment was put and lost.

The question that clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

The House rose for lunch at 1 p.m. and re-assembled at 2 p.m, with Mr. Speaker in the Chair.

The Travancore-Cochin Revenue Enquiries and Summons Bill.—*(contd.)*

Clause 3.

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 4.

Sri. A. K. Patchu Pillai: Sir, I move. Add the following proviso to Clause 4.—

"Provided that if the person summoned resides within the jurisdiction of another District or Taluk, the Collector, Deputy Collector, Tahsildar or Deputy Tahsildar, as the case may be, shall send the summons to the Collector or Tahsildar of that District or Taluk who shall cause such summons to be served as stated above and return it to the Officer who sent it for service".

ഇതിനുമുമ്പു് ഡാം വകുപ്പിലുള്ള പ്രൊവൈസൊ എടുത്തുകളയണമെന്നുള്ളതിനെപ്പറ്റി ഞാൻ ഉന്നയിച്ച വാദമുഖങ്ങൾ തന്നെയാണു് ഈ ഭേദഗതിക്കും പറയുവാനുള്ളതു്. ഫാമൻസ്–ലെ ആക്ടിൽ ഈ പ്രൊവൈസൊകൂടി കിടക്കുന്നു. അതുകൊണ്ടാണു് ഈ പ്രൊവൈസൊ ചേർക്കാൻ ഇടയായതു് എന്നുള്ളതിൽ കൂടുതലായി യാതൊരു പ്രകാശവും ബഹു. മന്ത്രിയുടെ മറുപടിയിൽ നിന്നും ലഭിക്കുവാൻ കഴിഞ്ഞില്ല. ഇതിനു് തക്കതായ ദോക്കുമുണ്ടു്, അതിനാൽ ഇതു ആവശ്യമില്ല എന്നു് ബഹു. മന്ത്രി യുക്തിയുക്തമായി പറഞ്ഞിരുന്നുവെങ്കിൽ ഞാൻ വീണ്ടും ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിക്കുകയില്ലായിരുന്നു. മുമ്പിലത്തെ ആക്ടിൽ ഇതില്ല എന്നുള്ളതു് ന്യായമായ ഒരു കാരണം ആകുന്നില്ല. എന്റെ ഈ ഭേദഗതി തള്ളിപ്പോയിരുന്നാൽതന്നെയും ഇങ്ങനെയുള്ള അവസരത്തിൽഅത്യാവശ്യമായ ഈ പവ്വർഉപയോഗിച്ചുകൊണ്ടു എക്സ്പ്രഷനൽ കേസുകൾക്കെങ്കിലും വേണ്ട നടപടികൾ നടത്തുവാനുള്ള അധികാരംനിയമപ്രകാരം ഉണ്ടായിരുന്നില്ലെങ്കിൽ അതു വളരെ വിഷമങ്ങൾക്കും നഷ്ടങ്ങൾക്കും ഇടവരുത്തും. നിയമ നിർവ്വഹണത്തിനു തന്നെ ഇതു ഒരാപത്തു് ആയിവരുന്ന സംഗതിയാണു്. ഇങ്ങനെ അധികാരമില്ലെങ്കിൽ റവന്യൂസംബന്ധിച്ചു ആക്ടു് ചില അവസരങ്ങളിൽ നിഷ്പ്രയോജനമായി വരുന്നതിനിടയുണ്ടു്. ബോർഡു ഏർപ്പെടുത്തിയെന്നുള്ളതു ശരിതന്നെ. എന്നാൽ കീഴ്കോടതികൾ നിർവ്വഹിക്കുന്ന എല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്നതിനുള്ള ചുമതലയല്ല ബോർഡിനുള്ളതു്. അസാധാരണ അവസരങ്ങളിൽ കീഴ്സ്ഥാപനങ്ങളെപ്പറ്റി അന്വേഷണം നടത്താനല്ലാതെ, ഓർജിനലായി അവരുടെ അടുക്കൽ ഒരും അപേക്ഷ കൊടുക്കുകപതിവില്ല. ഈ ആക്ടിന്റെ ഉദ്ദേശംതന്നെ റവന്യൂ അധികാരികളുടെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തണമെന്നുള്ളതാണല്ലൊ. അതിനാൽ

LIBRARY ARCHIVES Kerala Legislative Assembly